സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC.41/16/S

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
19/ 07 / 2016

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

**വിഷയം:**-2016-2017 തിരുവനന്തപുരം ഗ്രൂപ്പിലെ ഫുൾടൈം ശാന്തിക്കാരുടെ സ്ഥലം മാറ്റം സംബന്ധിച്ച്.

**സൂചന:**- ശാന്തിക്കാരുടെ അപ്പീൽ അപേക്ഷകൾ.

2016-2017 ഫുൾടൈം ശാന്തിക്കാരുടെ ഗ്രൂപ്പിനുള്ളിൽ നടത്തിയ സ്ഥലം മാറ്റങ്ങളിലെ അപ്പീൽ അപേക്ഷകളിൻമേൽ സ്വീകരിച്ച നടപടി വിവരം ചുവടെ ചേർക്കുന്നു.

1. <u>ശ്രീ.എൻ.ശങ്കരൻ നമ്പൂതിരി</u>

ആവശ്യപ്പെട്ട ദേവസ്വങ്ങൾ നർമ്മദേശ്വരം,ചെന്തിട്ട, ചെങ്കള്ളൂർ,എന്നീ ക്രമത്തിലാണ് . ടി ദേവസ്വങ്ങളിൽ ഏതിലെങ്കിലും പരിഗണിക്കണമെന്നതാണ് അപ്പീലിൽ ബോധിപ്പിക്കുന്നത്. ശ്രീ.ശങ്കരൻനമ്പൂതിരി ജോലി നോക്കുന്ന ദേവസ്വത്തിൽ മൂന്ന് വർഷം സർവ്വീസ് പൂർത്തിയാക്കാത്തതിനാൽ അപ്പീൽ അപേക്ഷ നിരസിക്കുന്നു.

2. <u>ശ്രീ.വി.രാമചന്ദ്രൻ</u>

ആവശ്യപ്പെട്ട ദേവസ്വങ്ങൾ ചെന്തിട്ട, പത്മതീർത്ഥക്കര, തിരുനാരായണപുരം എന്നിവയാണ്. മൂന്ന് ചോയിസുകളിലും പരിഗണിച്ചിട്ടില്ലാത്തതിനാൽ തെക്കേതെരുവ് ദേവസ്വ ത്തി ലേയ്ക്ക് ടിയാന് സ്ഥലം മാറ്റം നൽകണമെന്നതാണ് അപ്പീലിൽ ബോധിപ്പിക്കുന്നത്

ശ്രീ.രാമചന്ദ്രൻ ആവശ്യപ്പെട്ട ഒന്നും,മൂന്നും ചോയിസുകളിൽ ടിയാനെക്കാൾ സീനിയറായിട്ടുള്ളവർക്ക് നൽകിയതിനാലും രണ്ടാമത്തെ ചോയിസിൽ ഒഴിവ് ഇല്ലാത്തതിനാലും ടിയാനെ മുടുക്കിട്ടാകട ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റം നൽകി ഉത്തരവാകുന്നു.

3. <u>ശ്രീ.പി.കൃഷ്ണയ്യർ</u>

ടിയാൻ ആര്യശാല ദേവസ്വത്തിൽ മൂന്ന് വർഷം പൂർത്തിയാക്കിയെന്നും പെൻഷൻ ആകുവാൻ ഒരു വർഷം മാത്രമേ ബാക്കിയുള്ളൂവെന്നും തിരുനാരായണപുരം, നർമ്മേദേശ്വരം, ചെന്തിട്ട എന്നീ ദേവസ്വങ്ങൾ ആണ് ആവശ്യപ്പെട്ടതെന്നും എന്നാൽ ടി ദേവസ്വങ്ങളിലേയ്ക്കൊന്നും ടിയാനെ പരിഗണിച്ചില്ലായെന്നാണ് അപ്പീലിൽ ബോധിപ്പിക്കുന്നത്.

ശ്രീ.പി.കൃഷ്ണയ്യർ ആവശ്യപ്പെട്ട ഒന്നും രണ്ടും ചോയിസുകളിൽ ടിയാൻ മുമ്പ് ജോലി നോക്കിയിട്ടുള്ളതിനാലും മൂന്നാമത്തെ ചോയ്സിൽ സീനിയർ ആയിട്ടുള്ള ആൾക്ക് നൽകിയിട്ടുള്ളതിനാലും അപ്പീൽ നിരസിക്കുന്നു.

4. ശ്രീ.ജി.ഭാസ്കരൻ പോറ്റി-

കരകണ്ഠേശ്വരം ദേവസ്വത്തിൽ നിന്നും തളിയൽ ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റിയതിനെതിരെയാണ് ടിയാൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ്സ് കൊടുത്തിട്ടുള്ളത്. ടിയാൻ 08.06.2016-ൽ ചെറുപഴിഞ്ഞിക്കാവ് ദേവസ്വം ആവശ്യപ്പെട്ട് അപേക്ഷ ഹാജരാക്കിയിട്ടുള്ളതാണ്.

ശ്രീ.ഭാസ്കരൻപോറ്റി, ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ്സിന്റെ അടിസ്ഥാനത്തിലും, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് പരിഗണിച്ചും ചെറുപഴിഞ്ഞിക്കാവ് ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റി ഉത്തരവാകുന്നു.

ടി സ്ഥലം മാറ്റം 20.07.2016 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

(ഒപ്പ്)

**ദേവസ്വം കമ്മീഷണർ**

**അംഗീകാരത്തോടെ,**

Sreelatha

**ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ**
**(അഡ്മിനിസ്ട്രേഷൻ)**

**പകർപ്പ്-**

1. **അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ-തിരുവനന്തപുരം**
2. **സെക്ഷൻ ഫയൽ**
3. **ഫെയർ ഓഫീസ് കോപ്പി**
4. EDP സെക്ഷൻ